**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2410**
**2018 ഡിസംബർ 06-(വ്യാഴം) നുള്ള മറുപടി**

ഭവന വായ്പ (എച്ച്.ബി.എ)

| | ചോദ്യം<br>ശ്രീ.പി.കെ.ബഷീർ | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>ബഹു.ധനകാര്യവും കയറും വകുപ്പ മന്ത്രി |
|---|---|---|
| (എ) | സംസ്ഥാന സർക്കാർ ജീവനക്കാർക്ക് നൽകിവരുന്ന ഭവന വായ്പ(എച്ച്.ബി.എ) പദ്ധതിയ്ക്ക് അപേക്ഷിക്കുന്നതിന് നടപ്പ് സാമ്പത്തിക വർഷം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ; | സംസ്ഥാന സർക്കാർ ജീവനക്കാരിൽ നിന്നും അധ്യാപകരിൽ നിന്നും നടപ്പ് സാമ്പത്തിക വർഷം ഭവന നിർമ്മാണ വായ്പാ അപേക്ഷ സ്വീകരിക്കുന്നതിന് സർക്കുലർ പുറപ്പെടുവിച്ചിട്ടില്ല. ടി ജീവനക്കാർക്കുള്ള ഭവന നിർമ്മാണ വായ്പ 05/07/2018-ലെ സ.ഉ.(അച്ചടി) നം.105/2018/ധന, 11/09/2018-ലെ സ.ഉ.(അച്ചടി) നം.143/2018/ധന ഉത്തരവുകൾ പ്രകാരം പരിഷ്കരിച്ചിട്ടുള്ളതാണ്. പരിഷ്കരിച്ച ഭവന നിർമ്മാണ വായ്പ പദ്ധതി പ്രകാരം സർക്കാർ ജീവനക്കാർ ഭവന വായ്പയ്ക്ക് ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളെയും LIC HFL, DHFL തുടങ്ങിയ നോൺ ബാങ്കിംഗ് ഫിനാൻസ് കോർപ്പറേഷൻ -നുകളേയുമാണ് സമീപിക്കേണ്ടത്. |
| (ബി) | കഴിഞ്ഞ വർഷം ഭവന വായ്പ അനുവദിച്ച എല്ലാ ജീവനക്കാർക്കും തുക വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എത്ര പേർക്ക് വിതരണം ചെയ്തുവെന്നും ഇനിയെത്ര വിതരണം ചെയ്യാനുണ്ടെന്നും അറിയിക്കാമോ ; ഇത് എന്നത്തേക്ക് വിതരണം നടത്താനാകുമെന്ന് അറിയിക്കാമോ ; | 2017-18 സാമ്പത്തിക വർഷം ഭവന നിർമ്മാണ വായ്പയ്ക്ക് അപേക്ഷിച്ച എല്ലാവർക്കും തുക വിതരണം ചെയ്തിട്ടില്ല. ആകെ 2112 പേർക്ക് വായ്പ അനുവദിക്കുന്നതിന് തുക വിവിധ സർക്കാർ വകുപ്പുകളിലേയ്ക്ക് വിതരണം ചെയ്തിട്ടുണ്ട്. ഇനി 625 പേർക്ക് തുക വിതരണം ചെയ്യാനുണ്ട്. നടപ്പ് സാമ്പത്തിക വർഷം തന്നെ അവശേഷിക്കുന്ന അപേക്ഷകളിൽ തുക വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

| | | |
|---|---|---|
| (സി) | സർക്കാർ ജീവനക്കാർക്കുള്ള ഭവന വായ്പ പദ്ധതി നിലവിലുള്ള സംവിധാനത്തിൽ നിന്നും വ്യത്യസ്തമായി മറ്റേതിങ്കിലും രീതിയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ; | 05/07/2018-ലെ സ.ഉ.(അച്ചടി) നം.105/2018/ധന, 11/09/2018-ലെ സ.ഉ.(അച്ചടി) നം.143/2018/ധന ഉത്തരവുകൾ പ്രകാരം ഭവന നിർമ്മാണ വായ്പ പദ്ധതി പരിഷ്കരിച്ചിട്ടുള്ളതാണ്. ആയത് പ്രകാരം സർക്കാർ ജീവനക്കാർ ഭവന വായ്പയ്ക്ക് ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളെയും LIC HFL, DHFL തുടങ്ങിയ നോൺ ബാങ്കിംഗ് ഫിനാൻസ് കോർപ്പറേഷൻ -നുകളേയുമാണ് സമീപിക്കേണ്ടത്. ബാങ്കിലെ വായ്പാ നിരക്ക് പ്രകാരം വായ്പ എടുക്കാവുന്നതാണ്. ടി പദ്ധതിയിൽ ജീവനക്കാർക്ക് പലിശ സബ്സിഡി നൽകുന്നതാണ്. ടി പദ്ധതിയിലെ ടി ആനുകൂല്യത്തിന് ജീവനക്കാർ സർക്കാരിൽ നിന്ന് NOC വാങ്ങേണ്ടതാണ്. ഈ പ്രക്രിയകൾ (NOC നൽകുന്നതും പലിശ സബ്സിഡി നൽകുന്നതും ) ഒരു ഡെഡിക്കേറ്റഡ് സോഫ്റ്റ് വെയറിലൂടെയാണ് ചെയ്യുവാൻ ഉദ്ദേശിക്കുന്നത്. |
| (ഡി) | ബാങ്കുകൾ മുഖേനയാണെങ്കിൽ എങ്ങനെയാണ് അപേക്ഷ നൽകേണ്ടത് ; മറ്റ് നടപടി ക്രമങ്ങൾ പലിശ നിരക്ക് ഉൾപ്പെടെ വിശദാംശം വ്യക്തമാക്കുമോ ; | |
| (ഇ) | നിലവിൽ പദ്ധതി കാര്യക്ഷമമല്ലാത്തതു മൂലം ജീവനക്കാർക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിയ്ക്കുന്നതിന് നടപടി സ്വീകരിക്കാമോ ? | 2017-18 സാമ്പത്തിക വർഷത്തിൽ വായ്പയ്ക്ക് അപേക്ഷിക്കുകയും വായ്പ ലഭിക്കുവാൻ അവശേഷിക്കുന്ന ജീവനക്കാർക്ക് തുക വിതരണം ചെയ്യുന്നതിനായുള്ള നടപടി സർക്കാർ സ്വീകരിച്ചുവരുന്നു. പരിഷ്കരിച്ച പദ്ധതി പ്രകാരം ബാങ്കുകളിൽ നിന്ന് ജീവനക്കാർക്ക് ഭവന വായ്പ ലഭിക്കുന്നതിനായുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ